
## പോരാളികളിൽ ഒരുവനായി

**ആദർശം** കാറ്റിൽപറത്തി രാഷ്ട്രീയ പാർട്ടികളും സാമുദായിക സംഘടനകളും സ്വാർഥ താൽപര്യങ്ങളുടെ സംരക്ഷകരാകുമ്പോൾ സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് എന്ന പ്രസ്ഥാനം ആദർശം പ്രസംഗിക്കുകയല്ല പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. ചില കപട വേഷധാരികൾ സോളിഡാരിറ്റിക്കെതിരെ ആർത്ത് അട്ടഹസിക്കുമ്പോഴും നീതിക്കും നിലനിൽപിനും വേണ്ടി ആത്മീയതയുടെ തങ്കത്തേരിലേറി സ്നേഹവും സേവനവും എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് അടിച്ചമർത്തപ്പെട്ടവരുടെയും അശരണരുടെയും ഇടയിലേക്ക് ഇറങ്ങിച്ചെല്ലുന്നു അവർ. വിശക്കുന്നവന് ഭക്ഷണം കൊടുത്തും ആലംബഹീനരെ ശുശ്രൂഷിച്ചും സേവനം നടത്തുന്നു.

ഐക്യദാർഢ്യമുള്ള യുവാക്കളെ കണ്ടപ്പോൾ കപട രാഷ്ട്രീയക്കാരും മതപുരോഹിതന്മാരും ഗൂഢാലോചന നടത്തുന്നു, ഇവരെ എങ്ങനെ തളക്കാം? നീതിക്കും നിലനിൽപിനും വേണ്ടി ത്യാഗങ്ങൾ സഹിച്ച് കച്ചകെട്ടി ഇറങ്ങിയ വിപ്ലവകാരികളുടെ മഹത്തായ സംഘടനയാണ് സോളിഡാരിറ്റി. അതൊരു സമാധാനമുള്ള സംഘടനയാണ്. അതുകൊണ്ട് മാത്രമാണ് ആത്മീയതയുടെ തേരിൽ സഞ്ചരിച്ച് നീതിക്കും നിലനിൽപിനും വേണ്ടി പോരാടുന്ന നന്മയുള്ളവരോടൊപ്പം കൂടാൻ ഞാൻ എന്റെ മനസ്സിനെ രൂപപ്പെടുത്തിയത്. ഞാനും അവരിൽ ഒരുവനായി.

**എസ്.കെ ശൈലേന്ദ്രൻ**
**വട്ടക്കരിക്കകം, പാലോട്**

## കത്തുകൾ




# ആര്യന്മാരും ഋഗ്വേദവും

**സമദ്** കുന്നക്കാവ് എഴുതിയ 'മുസ്‌ലിം സ്വത്വപ്രതിസന്ധി ചരിത്രവും വർത്തമാനവും' എന്ന ലേഖനമാണ് (ലക്കം 11) ഈ പ്രതികരണത്തിനാധാരം. ഇന്ത്യൻ ഭൂതകാല മഹിമയുടെ സാധൂകരണത്തിനുതകുംവിധം ഋഗ്വേദത്തിന്റെ കാലം ബി.സി നാലായിരത്തിനപ്പുറത്തേക്ക് ബാലഗംഗാധര തിലകൻ കൊണ്ടുപോയി എന്നും ഇതോടെ ആര്യവംശത്തിന്റെ ഉൽപത്തിസ്ഥാനം ഇന്ത്യയാണെന്നും അവർ അവിടെനിന്ന് ലോകമെമ്പാടും പരന്നതാണെന്നും പ്രചരിപ്പിക്കപ്പെട്ടു. ലേഖനത്തിൽ പറഞ്ഞ ഈ അഭിപ്രായം ശരിയല്ല. ഋഗ്വേദകാലത്തെക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങളിൽ ഒന്നു മാത്രമാണ് തിലകന്റേത്. "ക്രി. മു. 3000-ലാണെന്നും ചില ഭാരതീയ പണ്ഡിതരും ക്രി.മു 6000-ലാണെന്നു മറ്റു ചിലരും അഭിപ്രായപ്പെടുന്നു. തിലകന്റെ അഭിപ്രായത്തിൽ 4500-ന് അടുത്തും" (*ഭാരതീയ ദർശനം* പേജ് 46).

ചരിത്രത്തിന്റെ ശരിയായ സഞ്ചാരപഥത്തിന് പരിക്കേൽപിക്കാനും തിരിച്ചുവിടാനും ഫാഷിസ്റ്റുകളും സയണിസ്റ്റുകളും കൊളോണിയൽ പ്രഭുക്കളും മറ്റും പല നിഗൂഢ ശ്രമങ്ങളും നടത്തിയിട്ടുണ്ട്. ആര്യന്മാർ ഇന്ത്യയിലേക്ക് കടന്നുവന്നവരാണ് എന്നതിന് ഋഗ്വേദം തന്നെയാണ് ഒന്നാമത്തെ തെളിവായി ചരിത്രത്തിന് സാക്ഷി നൽകുന്നത്.

''ഋഗ്വേദസൂക്തങ്ങൾ മിക്കവയും സ്തുതികളാണ്. ദേവന്മാരെ സ്തുതിച്ചു പ്രീതിപ്പെടുത്തി അവരോട് ചെയ്യുന്ന പ്രാർഥനകളാണ്. അങ്ങനെയല്ലാത്ത ചില സൂക്തങ്ങൾ, വിശേഷിച്ചും പത്താം മണ്ഡലത്തിൽ കാണുന്നുണ്ട്. ക്ഷേമത്തിനും സമ്പത്തിനും വിരോധികളിൽനിന്നുള്ള രക്ഷക്കും അവരോടെതിർക്കുമ്പോൾ സഹായത്തിനുള്ള അർഥനകളാണ്, മിക്കവയും. മരുപ്പരപ്പുകളിൽനിന്ന് വരുന്ന ആര്യന്മാർ സുജലവും സുഫലയും സസ്യശ്യാമയുമായ ഭാരതഭൂമിയിൽ പ്രവേശിക്കുമ്പോൾ അവർക്ക് തോന്നിയ ആഹ്ലാദവും വിസ്മയവും പല സ്തോത്രങ്ങളിലും പരിശോഭിക്കുന്നുണ്ട്. സിന്ധു നദീ തീരത്തിലെത്തുമ്പോൾ വലിയ നദികൾ മുമ്പ് കണ്ടിട്ടില്ലാത്ത അവരുടെ ആശ്ചര്യം എത്രമാത്രമായിരുന്നുവെന്നും ആ സ്തോത്രം കൊണ്ടറിയാം. നഗരവാസികളും ദുർഗേശന്മാരുമായ ദസ്യുക്കളോട് എതിർത്ത് ജയിക്കാതെ മുന്നോട്ടു പോവുക സാധ്യമല്ലാതിരുന്നതിനാൽ, അവരെ തോൽപിക്കാൻ സഹായിക്കണമെന്നാണ്, ഒട്ടുവളരെ മന്ത്രങ്ങളിലുമുള്ള പ്രാർഥന. അതിനു വജ്രപാണിയായ ഇന്ദ്രന്റെ തുണയാണ് ആവശ്യം. പുരന്ദരനായ ആ മഘവാവിനെ സോമം കൊണ്ട് പ്രീതിപ്പെടുത്തി സപത്ന മർദനവും സമ്പൽസമൃദ്ധിയും സമ്പാദിക്കണമെന്നാണ് മുഖ്യമായ ഉദ്ദേശ്യം. ഏതു കാലത്താണ് ഋഗ്വേദസൂക്തങ്ങളുടെ നിർമിതി എന്നതിനെപ്പറ്റി ഒരു വലിയ വാദകോലാഹലം മുമ്പ് പണ്ഡിതന്മാർക്കിടയിൽ നടന്നിരുന്നു. ആര്യന്മാർ ഇന്ത്യയിൽ പ്രവേശിച്ച കാലഘട്ടത്തെയാണ് ഋഗ്വേദത്തിൽ വർണിച്ചിട്ടുള്ളത് എന്നതിന് തർക്കമില്ല. അവർ യമുനാ തടത്തിൽ പ്രവേശിച്ച ശേഷമാണ്, വേദമന്ത്രങ്ങൾ ക്രമപ്പെടുത്തിയത്. 'സംഹിതയായി' എന്നതും തീർച്ച തന്നെ. അതുകൊണ്ട് അവയുടെ നിർമാണം ആര്യന്മാർ കുഭാതടത്തിൽ (കാബൂളിൽ) താമസിക്കുന്ന കാലം തൊട്ടു യമുനാ തടത്തിൽ ന്നു ചേരുന്ന കാലം വരെയാണെന്ന് സിദ്ധിക്കുന്നു. ഏതു കാലത്താണ് ആര്യന്മാർ ഭാരതത്തിൽ പ്രവേശിച്ചതെന്നതിനെ പറ്റിയാണ് തർക്കം. മുമ്പ് യൂറോപ്യന്മാർ പല കാരണങ്ങൾ പറഞ്ഞു. ബി.സി 1500 എന്ന ഒരു കണക്കാണ് നിർണയിച്ചിരുന്നത്. നേരെ മറിച്ച് ബാലഗംഗാധര തിലക് മുതലായ ഭാരതീയ പണ്ഡിതന്മാർ നക്ഷത്ര ശാസ്ത്രത്തെ അവലംബിച്ച ഗണനങ്ങളിൽനിന്നും യൂറോപ്യന്മാർ കണക്കാക്കിയതിലും ഒരു രണ്ടായിരം വർഷമെങ്കിലും കൂടുതലായി വേദങ്ങൾക്കുണ്ടെന്നു സമർഥിക്കുന്നു.

ബോഗോസുകോയി എന്ന സ്ഥലത്ത് നിന്ന് കണ്ടുകിട്ടിയ ഒരു രേഖയിൽ വൈദിക ദേവന്മാരുടെ പേരുകൾ പറഞ്ഞിട്ടുള്ളതുകൊണ്ട് അക്കാലത്താണ് ആര്യന്മാർ ഇന്ത്യയിൽ പ്രവേശിച്ചത് എന്നൊരു വാദവും ഇടക്ക് പുറപ്പെട്ടിരുന്നു. മിട്ടാനി എന്ന ആര്യജനതയുടെയും ആര്യ ദേവന്മാരെ വന്ദിച്ചിരുന്ന ഹിറ്റൈറ്റ് (Hittite) എന്ന ഒരു വർഗക്കാരുടെയും ഈജിപ്തിലെ ലേഖങ്ങൾ കൊണ്ട് നിർണയിക്കപ്പെട്ടിട്ടുള്ളതു കൊണ്ട് ഇന്ത്യയിൽ ആര്യന്മാർ പ്രവേശിച്ചകാലം ബി.സി 1500-നും 1200നും ഇടക്കാണെന്നും ഉള്ളവാദം ആ വഴിക്കും പ്രബലപ്പെട്ടിരുന്നു. എന്നാൽ മോഹൻജദാരോ, ഹാരപ്പാ മുതലായ സ്ഥലങ്ങളിൽ നിന്ന് കണ്ടുകിട്ടിയ സൈന്ധവ സംസ്കാര ലക്ഷ്യങ്ങൾ ഈ അഭിപ്രായങ്ങളെല്ലാം ശുഷ്കങ്ങളാണെന്ന് തെളിയിച്ചിരിക്കുന്നു. മോഹൻജാദാരോ സംസ്കാരത്തിന്റെ കാലം ബി.സി 2500 തൊട്ട് 2000 വരെയും അതോട് ചേർന്ന് ഹാരപ്പൻ സംസ്കാരം ഇന്ത്യയുടെ അന്തർഭാഗങ്ങളിൽ ബി.സി 1500 വരെയും നിലനിന്നിരുന്നു. വലിയ പട്ടണങ്ങളിലും ദുർഗങ്ങളിലും വസിച്ചിരുന്ന

ഒരു പ്രബല ജനതയായിരുന്നു. സിന്ധുനദി കടന്ന് ആര്യന്മാർ ഇന്ത്യയിൽ പ്രവേശിച്ചപ്പോൾ അതിസംസ്കൃതന്മാരും പ്രബലന്മാരുമായ ഹാരപ്പന്മാരോടാണ് എതിരിടേണ്ടി വന്നത്. അവരുമായി വളരെ കാലം യുദ്ധം ചെയ്യേണ്ടിവന്നുവെന്നും അത് നിമിത്തം പല ശദാബ്ദങ്ങൾ കൊണ്ടാണ് ആര്യന്മാർ പഞ്ചനദം (പഞ്ചാബ്) കൈവശപ്പെടുത്തിയതെന്നും ഋഗ്വേദ സംഹിതയിൽനിന്നു തന്നെ മനസ്സിലാക്കാം.

ആര്യന്മാർ സംസ്കാരത്തിൽ അധികം പുരോഗമിച്ചിട്ടില്ലാതിരുന്ന ഒരു ഇടയ ജാതിയായിരുന്നു. അവർ എതിരിടേണ്ടിവന്ന ഹാരപ്പന്മാരോ, നഗരവാസികളും സംസ്കാര സമ്പന്നന്മാരും വലിയ ദുർഗങ്ങൾ കെട്ടി തങ്ങളുടെ രാജ്യത്തെ സംരക്ഷിച്ചുവരുന്നവരുമായിരുന്നു. പക്ഷേ, ആര്യന്മാർ ബലശാലികളും അശ്വരൂഢന്മാരുമായിരുന്നതിനാൽ ക്രമേണ അവർക്ക് ഹാരപ്പന്മാരെ കീഴടക്കാനും അവരുടെ നഗരങ്ങളെ നശിപ്പിക്കാനും സാധിച്ചു. ഈ യുദ്ധങ്ങളെ പറ്റിയുള്ള സൂചനകൾ ഋഗ്വേദത്തിൽ എവിടെ നോക്കിയാലും കാണാം. ഇന്ദ്രനെ പറ്റിയുള്ള സ്തുതികൾ മിക്കവാറും ഈ പ്രബലമായ ശത്രുക്കളെ സംഹരിക്കുന്നതിനു സഹായമപേക്ഷിച്ചുകൊണ്ടാണ്, ഇന്ദ്രന്റെ പരാക്രമങ്ങൾ വർണിക്കുന്നതും അത് സംബന്ധിച്ച് തന്നെ. ഇന്ദ്രന് പുരന്ദരൻ എന്ന പേര് ലഭിക്കാൻ തന്നെ കാരണം ദസ്യുക്കളുടെ പുരങ്ങളെ പിളർത്തത് (നശിപ്പിച്ചത്) കൊണ്ടാണല്ലോ" (ഋഗ്വേദ സംഹിത, ഭാഗം ഒന്ന്, ഒന്നാം മണ്ഡലം. വിവർത്തനം വള്ളത്തോൾ. വ്യാഖ്യാനം സി. ഗോവിന്ദകുറുപ്പ്. ആമുഖം പേജ് 6,7,8. നാഷ്ണൽ ബുക് സ്റ്റാൾ കോട്ടയം).

"ഋഗ്വേദം ആര്യസമുദായത്തിന്റെ ഒരു ചരിത്രം കൂടിയാണ്. ആര്യന്മാർ കഭാതടത്തിൽ (കാബൂൾ) നിന്ന് യമുനാ തീരത്തിൽ എത്തുന്നത് വരെയുള്ള ചരിത്രം കഭാതടത്തിൽ വെച്ചാണ് ആദ്യമന്ത്രങ്ങൾ നിർമിക്കപ്പെട്ടത്. അവർ ഗംഗാതടത്തിലെത്തുമ്പോഴേക്ക് ഋഗ്വേദകാലം അവസാനിക്കുന്നു. പഞ്ചനദത്തിലെ ഓരോ നദി കടക്കുമ്പോഴും ഓരോ വലിയ സംഭവമായിട്ടാണ് വേദത്തിലെ ഋഷികൾ കരുതുന്നത്. പാരാവാരം പോലെ പരന്നു കിടക്കുന്നതും ദുഷ്കരവുമായ സിന്ധു നദി കണ്ടപ്പോൾ അവർക്കുണ്ടായ ആശ്ചര്യം ഒരു മനോഹരമായ മന്ത്രത്തിൽ തികച്ചും പ്രതിഫലിച്ചിട്ടുണ്ട്" (അതേ പുസ്തകം പേജ് 23).

ഇനിയും ഇത് സംബന്ധമായ തെളിവുകളുണ്ട്. ഋഗ്വേദത്തിന്റെ കാലം എത്ര തന്നെ പുരാതനവത്കരിച്ചാലും ആര്യന്മാർ ഭാരതത്തിലെ ആദിമവാസികളാണെന്ന് സ്ഥാപിക്കുക സാധ്യമല്ല. ഋഗ്വേദം തന്നെ ആ വാദമുഖത്തെ ഖണ്ഡിക്കുമ്പോൾ വിശേഷിച്ചും.

**സി. കുഞ്ഞിമുഹമ്മദ്**
**കുറ്റാളൂർ, വേങ്ങര**

# *പ്രബോധനം* റമദാൻ ക്വിസ്–3

(ഉത്തരങ്ങൾ അയക്കുന്നവർ കവറിന് മുകളിൽ 'റമദാൻ ക്വിസ്-3' എന്നെഴുതിയിരിക്കണം. ഉത്തരം കിട്ടേണ്ട അവസാന തീയതി സെപ്റ്റംബർ 29. നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്)

1. യമാമ യുദ്ധത്തിൽ മുസൈലിമ എന്ന കള്ള പ്രവാചകനെ വധിച്ചതാര്?
2. മുഹമ്മദ് നബി(സ)ക്ക് പ്രവാചകത്വം ലഭിച്ചതിന്റെ എത്രാം വർഷമാണ് ഉമർ(റ) ഇസ്‌ലാം സ്വീകരിച്ചത്?
3. ഇസ്‌ലാമിക ഖിലാഫത്തിന്റെ തലസ്ഥാനം മദീനയിൽനിന്ന് കൂഫയിലേക്ക് മാറ്റിയത് ഏതു ഖലീഫയുടെ കാലത്താണ്?
4. ഇൽമുൽ കലാം (വചനശാസ്ത്രം) എന്ന ശാസ്ത്രശാഖക്ക് അടിത്തറയിട്ടതാര്?
5. അൽ അസ്ഹർ യൂനിവേഴ്സിറ്റിക്ക് തുടക്കം കുറിച്ച ഫാത്വിമീ ഭരണാധികാരി ആര്?
6. ഇമാം ശാഫിഈ(റ)യുടെ ജനനം എവിടെ, ഏതു വർഷം?
7. ഖുർആനിലെ പദങ്ങൾ വിശദീകരിക്കുന്ന 'മുഫ്റദാതു അൽഫാദിൽ ഖുർആൻ' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?
8. 1571-ൽ സാമൂതിരിയുടെ നേതൃത്വത്തിൽ നായർപടയും മുസ്‌ലിംകളും ചേർന്ന് ചാലിയം പോർച്ചുഗീസ് കോട്ട പിടിച്ചടക്കിയിരുന്നു. ഇതിനെ മുൻനിർത്തി ഖാദി മുഹമ്മദ് രചിച്ച കൃതിയേത്?
9. ലോക പ്രശസ്ത ഇസ്‌ലാമിക പ്രബോധകനായിരുന്ന അഹ്മദ് ദീദാത്ത് ജനിച്ചത് ഇന്ത്യയിലെ ഏത് സംസ്ഥാനത്ത്?
10. 1962-ൽ ഫൈസൽ രാജാവിന്റെ മുൻകൈയോടെ നിലവിൽവന്ന, മക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന ലോക മുസ്‌ലിം പണ്ഡിതവേദി?

# ചുരുക്കെഴുത്ത്

***പ്രബോധനം*** വാരികയിലൂടെ ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങളും വർത്തമാനകാല ഇസ്‌ലാമിക ചലനങ്ങളും വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ കഴിയുന്നു എന്നത് നിസ്തർക്കമാണ്. എന്നാൽ ചില ലേഖനങ്ങളിലെ ഭാഷാപരമായ കെട്ടിക്കുടുക്കുകൾ സാധാരണക്കാരന് പ്രയാസമുണ്ടാക്കുന്നു. 'മുസ്‌ലിം സ്വാതന്ത്ര്യപ്രതിസന്ധി ചരിത്രവും വർത്തമാനവും' എന്ന ലേഖനം(ലക്കം 11) ഉദാഹരണം. 'എല്ലാ പ്രവാചകന്മാരും ആ സമൂഹത്തിന് മനസ്സിലാകുന്ന ഭാഷയിലാണ് സംസാരിച്ചതെന്നും' 'സുഗ്രാഹ്യമായി നിങ്ങൾ സംസാരിക്കണം' എന്നൊക്കെയാണല്ലോ ഖുർആന്റെ അധ്യാപനം.

**അബൂ സുഹൈൽ ചങ്ങനാശ്ശേരി**

**മുനാ** പണിക്കരുടെ 'സത്യവിശ്വാസത്തിന്റെ സോപാനത്തിൽ' (ലക്കം 14) വായിച്ചുപോവുമ്പോൾ ജെഫ്രി ലാങ്ങിന്റെ 'പോരാട്ടവും കീഴടങ്ങലും' ഓർമിച്ച് പോയി. മുഖമൊഴി തന്നെ കോരിത്തരിപ്പിക്കുന്ന തരത്തിലാണവർ കോറിയിട്ടിരിക്കുന്നത്. ഒന്നും ഒളിച്ചുവെക്കാതെയുള്ള ആ ആത്മകഥയുടെ തുടർ ഭാഗങ്ങൾക്കായി കാത്തിരിക്കുന്നു.

**മമ്മൂട്ടി കവിയൂർ**

**ആശയവിനിമയത്തിന്റെ** പുത്തൻ സൈബർ മാധ്യമമായ ബ്ലോഗുകളുടെ മുന്നേറ്റം ഇസ്‌ലാമിക പ്രബോധനരംഗത്ത് പുതിയ പ്രതീക്ഷകൾ നൽകുന്നു. ബ്ലോഗുകൾ വിനിമയത്തിന്റെ സാധ്യതകൾ തുറന്നിട്ടുവെന്നത് നേരുതന്നെ. അതോടൊപ്പം പാശ്ചാത്യ ലോബി അത് ദുരുപയോഗിക്കുന്നുണ്ടെന്നതും വിസ്മരിക്കരുത്.

**ഷഫീഖ് കണ്ണാഞ്ചേരി, താനാളൂർ**